നമ്പർ. സി.പി.(5)17752/08

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി 3.6.2009

## <u>സർക്കുലർ നമ്പർ 29/09</u>

വിഷയം: സഹകരണ വകുപ്പ് - സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ നൽകി വരുന്ന കാർഷിക വായ്പ കാർഷിക അനുബന്ധ ആവശ്യങ്ങൾക്ക് അനുവദിയ്ക്കുന്നത് - സംബന്ധിച്ച്.

സൂചന: 26.02.2009 ൽ ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സെൻട്രൽ ബാങ്ക് കോൺഫറൻസ് തീരുമാനം.

സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ, നാളികേര കൃഷി, കുരുമുളക്, മറ്റ് പ്ലാന്റേഷൻ ആവശ്യങ്ങൾക്കും, കാർഷിക അനുബന്ധ ആവശ്യങ്ങൾ, കോഴിവളർത്തൽ താറാവുകൃഷി, മീൻവളർത്തൽ, കന്നുകാലി പരിപാലനം തുടങ്ങിയ ആവശ്യങ്ങൾക്കുമായി കൂടുതൽ വായ്പകൾ നൽകണമെന്ന് സൂചന പ്രകാരം തീരുമാനിച്ചിട്ടുണ്ട്. നിലവിൽ ടി ആവശ്യങ്ങൾക്കുള്ള അപേക്ഷകർക്ക് വായ്പകൾ അനുവദിയ്ക്കുന്നുണ്ടെങ്കിലും അതോടൊപ്പം ദുർബല വിഭാഗങ്ങൾക്ക് കൂടി ഇത്തരം വായ്പകൾ കൂടുതലായി നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിയ്ക്കണമെന്നും ഇതിനായി സംഘം തലത്തിൽ, വ്യാപക പ്രചരണം നടത്തി കൂടുതൽ വായ്പകൾ വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും തീരുമാനിച്ചിട്ടുണ്ട്.

ഇക്കാര്യത്തിൽ സംഘങ്ങൾ കൂടുതൽ വായ്പ, ഈ ആവശ്യങ്ങൾക്കായി നൽകുന്നതിന് സംഘങ്ങൾക്ക് നിർദ്ദേശം നൽകേണ്ടതും, പ്രതിമാസ അവലോകന യോഗങ്ങളിൽ ഇക്കാര്യം വിലയിരുത്തേണ്ടതും, വായ്പ നൽകുന്നത് സംബന്ധിച്ച് സംഘം തലത്തിൽ വ്യാപകമായ പ്രചരണം നൽകുന്നതിനും നടപടികൾ കൈകൊള്ളണമെന്ന് നിർദ്ദേശിക്കുന്നു.

ഒപ്പ്,

**റാണിജോർജ്ജ് ഐ.എ.എസ്.**
സഹകരണ സംഘം രജിസ്ട്രാർ.

1. എല്ലാ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/ സർവ്വീസ് സഹകരണ ബാങ്കുകൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
2. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ, ആഡിറ്റ്) മാർക്കും.
3. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും.
4. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്.
5. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ, ആഡിറ്റ്) മാർക്കും. (ജോയിന്റ് രജിസ്ട്രാർ മുഖേന).
6. എഡിറ്റർ, സഹകരണ വീഥി.
7. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ.
8. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും.
9. സ്റ്റോക്ക് ഫയൽ, സ്പെയർ.

ആജ്ഞാനുസരണം,

അസിസ്റ്റന്റ് രജിസ്ട്രാർ (സി.പി. സെക്ഷൻ)